# പതിനാലാം കേരള നിയമസഭ
# (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6057 04/11/2016-ൽ മറുപടിയ്ക്ക്**

## സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഇപ്പോൾ സ്വന്തമായി വീടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ ഏതാനും കുടുംബങ്ങൾക്ക് 2016 - 17 വർഷത്തെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി വീടിനുള്ള ധനസഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | എ) ഉ ണ്ട്. മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 വർഷം 10,000 ലക്ഷം രൂപ അടങ്കൽ തുക വരുന്ന 'സമഗ്ര ഭവന പദ്ധതി' നടപ്പിലാക്കി വരുന്നു. ഭവന രഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ വീട് വയ്ക്കുന്നതിന് 2-3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ ഭവനരഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതം ധനസഹായമായി അനുവദിക്കുന്നു ണ്ട്. ഇതിനായി 500 ലക്ഷം രൂപ വകയിരുത്തിയിട്ടു ണ്ട്. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്ന പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 50% കേന്ദ്ര സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് 1640 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടു ണ്ട്. പദ്ധതിയിൽ 800 ഭവനങ്ങളാണ് ശുപാർശ ചെയ്തിട്ടുള്ളത് |

ബി) ഏതൊക്കെ ജില്ലകളിൽ നിന്ന് എത്ര വീതം അപേക്ഷകരെ ഇതിനായി പരിഗണിക്കും; വ്യക്തമാക്കാമോ;

ബി) (2016-17) സമഗ്ര ഭവന പദ്ധതി, ഫിഷർമെൻ കോളനി നവീകരണം, എന്നിവ പ്രകാരം ജില്ലകളിൽ അനുവദിച്ച യൂണിറ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | സമഗ്ര ഭവന പദ്ധതി | കോളനി നവീകരണം | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 800 | 88 | 888 |
| 2 | കൊല്ലം | 350 | 123 | 473 |
| 3 | ആലപ്പുഴ | 500 | 13 | 513 |
| 4 | എറണാകുളം | 150 | --- | 150 |
| 5 | തൃശ്ശൂർ | 50 | --- | 50 |
| 6 | മലപ്പുറം | 400 | 24 | 424 |
| 7 | കോഴിക്കോട് | 250 | --- | 250 |
| 8 | കണ്ണൂർ | 50 | --- | 50 |
| 9 | കാസർഗോഡ് | 50 | --- | 50 |
| 10 | കോട്ടയം | --- | 2 | 2 |
| 11 | പാലക്കാട് | --- | --- | -- |
| 12 | പത്തനംതിട്ട | --- | --- | -- |
| | ആകെ | **2600** | **250** | **2850** |

കടലാക്രമണത്തിൽ വീടും, ഭൂമിയും നഷ്ടപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച പദ്ധതി പ്രകാരം യൂണിറ്റുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നം. | ജില്ല | ശുപാർശ ചെയ്ത യൂണിറ്റ് |
|---|---|---|
| 1 | തിരുവനന്തപുരം | 186 |
| 2 | കൊല്ലം | 10 |
| 3 | ആലപ്പുഴ | 36 |
| 4 | എറണാകുളം | 0 |
| 5 | തൃശ്ശൂർ | 2 |
| 6 | മലപ്പുറം | 10 |
| 7 | കോഴിക്കോട് | 3 |
| 8 | കണ്ണൂർ | 0 |
| 9 | കാസർഗോഡ് | 1 |
| | ആകെ | **248** |

**ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി** പ്രകാരം ശുപാർശ ചെയ്ത് യൂണിറ്റുകളുടെ ജില്ല

തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നം. | ജില്ല | ദേശീയ മത്സ്യ ത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി (ശുപാർശ ചെയ്തത്) |
|---|---|---|
| 1 | തിരുവനന്തപുരം | [illegible] |
| 2 | കൊല്ലം | 120 |
| 3 | ആലപ്പുഴ | 120 |
| 4 | എറണാകുളം | 100 |
| 5 | തൃശ്ശൂർ | 40 |
| 6 | മലപ്പുറം | 110 |
| 7 | കോഴിക്കോട് | 70 |
| 8 | കണ്ണൂർ | 70 |
| 9 | കാസർഗോഡ് | 30 |
| 10 | കോട്ടയം | 10 |
| 11 | പാലക്കാട് | 5 |
| 12 | പത്തനംതിട്ട | 5 |
| | ആകെ | 800 |

സി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദാംശങ്ങൾ നൽകുമോ;

സി) ഭവന നിർമ്മാണ പദ്ധതി പ്രകാരം വീടു ലഭിയ്ക്കുന്നതിന് അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചു വരുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

ഡി) ബാക്കിയുള്ള കുടുംബങ്ങൾക്ക് വീടിനുള്ള ധനസഹായം നൽകാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഡി) തീരദേശ മേഖലയിൽ സമ്പൂർണ്ണ ഭവനം എന്ന ലക്ഷ്യസാക്ഷാത്ക്കാരത്തിനായി വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു.

സെക്ഷൻ ആഫീസർ

## അനുബന്ധം

1. അപേക്ഷകൻ യഥാർത്ഥ മത്സ്യത്തൊഴിലാളി ആയിരിക്കണം .
2. അപേക്ഷകൻ സ്വന്തമായി വീടുള്ള ആളായിരിക്കരുത്.
3. സ്വന്തമായി ഭൂമിയുള്ള അപേക്ഷകന് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. [redacted]
5. ലഭിക്കുന്ന സാമ്പത്തിക സഹായം വിനിയോഗിച്ച് 35 സ്ക്വയർമീറ്ററിൽ കുറയാത്ത ഭവനം സ്വന്തം മേൽനോട്ടത്തിൽ നിർമ്മിക്കേണ്ടതാണ്.
6. ജാതി, വരുമാനം , ഭൂമി കൈവശാവകാശം എന്നിവ തെളിയിക്കുന്നതിന് റവന്യൂ / വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റും തൊഴിൽ തെളിയിക്കുന്നതിന് ഫിഷറീസ് ഉദ്യോഗസ്ഥനിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റും ഹാജരാക്കണം
7. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അപേക്ഷ പരിഗണിക്കുന്നതല്ല.
8. താമസിച്ചു കിട്ടുന്നത് / അപേക്ഷ പൂർണ്ണമായും പൂരിപ്പിക്കാത്തത്/ ഒപ്പിടാത്തത്/ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.
9. പ്രകൃതി ക്ഷോഭത്തിൽ വീടു നഷ്ടപ്പെട്ടവർക്ക് അതിന് തെളിവ് ഹാജരാക്കണം.
10. അപേക്ഷകന് 18 വയസ്സിൽ കുറയുവാനും 60 വയസ്സിൽ കൂടുവാനും പാടുള്ളതല്ല. (വിവാഹിതരായിരിക്കണം)
11. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിഹിതം പൂർണ്ണമായും അടച്ചു തീർത്തിരിക്കണം.
12. സാമ്പത്തിക സഹായം സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗഡുക്കളായി മാത്രമേ അപേക്ഷകന് നൽകുകയുള്ളൂ. സ്റ്റേജ് സർട്ടിഫിക്കറ്റ് ഫിഷറീസ് ഉദ്യോഗസ്ഥൻ സമർപ്പിക്കേണ്ടതാണ്.
13. ലഭിക്കുന്ന അപേക്ഷയിന്മേൽ നടത്തുന്ന അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ അർഹരായവരുടെ പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുകയും പ്രസ്തുത ലിസ്റ്റിൽ ജില്ലാ കളക്ടർ ചെയർമാനായ ജില്ലാതല ബെനിഫിഷ്യറി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും നറുക്കെടുപ്പിലൂടെ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.
14. സാമ്പത്തിക സഹായത്തിന്റെ ഒന്നാം ഗഡു ലഭിച്ച തീയതി മുതൽ 6 മാസത്തിനകം നിർമ്മാണം പൂർത്തിയാക്കേണ്ടതാണ്.
15. അനുവദിക്കാനുള്ള യൂണിറ്റുകളേക്കാൾ കൂടുതൽ അപേക്ഷകൾ ഉള്ള പക്ഷം നറുക്കെടുപ്പിലൂടെയായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്.
16. എന്നാൽ ഓരോ ജില്ലയിലും ആകെയുള്ള യൂണിറ്റുകളുടെ 90% മാത്രമേ ഇത്തരത്തിൽ അനുവദിക്കുകയുള്ളൂ.

17. ബാക്കിയുള്ള 10% അങ്ങേയറ്റം പരിഗണന അർഹിക്കുന്ന എന്നാൽ നറുക്കെടുക്കപ്പെടാത്ത അപേക്ഷകളുണ്ടെങ്കിൽ സർക്കാർ വിവേചനാധികാരം ഉപയോഗിച്ച് അത്തരക്കാർക്ക് അനുവദിക്കുന്നതാണ്.

18. മത്സ്യത്തൊഴിലാളി ഗ്രാമം തിരിച്ച് ലഭിച്ച യോഗ്യതയുള്ള അപേക്ഷകളുടെ എണ്ണവും ആകെ ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണവും തമ്മിലായിരിക്കണം [redacted] ഗ്രാമത്തിനുമുള്ള ക്വാട്ട നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം. നറുക്കെടുക്കുന്നത് ഓരോ ഗ്രാമത്തിലെയും അപേക്ഷകൾ പ്രത്യേകം പ്രത്യേകം ആയിരിക്കും.

സെക്ഷൻ ആഫീസർ